## അധ്യായം 5

# സംസ്കാരവും ദേശീയതയും

1. ഇന്ത്യയിൽ ആധിപത്യം സ്ഥാപിക്കുന്നതിനായി ബ്രിട്ടൻ സ്വീകരിച്ച നയങ്ങൾ എന്തൊക്കെയാണ്?
   - ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ തുടക്കം
   - ഇന്ത്യൻ ജനതയുടെ ജീവിതത്തെയും സംസ്കാരത്തെയും ആഴത്തിൽ അറിയുന്നതിന്.
   - ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ ഒരു വിഭാഗം ഇന്ത്യക്കാരുടെ പിന്തുണ നേടാൻ.

2. വിദ്യാഭ്യാസരംഗത്തെ ബ്രിട്ടീഷുകാരുടെ ഇടപെടൽ ഇന്ത്യക്കാരിൽ ഐക്യബോധം സൃഷ്ടിച്ചതെങ്ങനെ?
   - ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച ഇന്ത്യക്കാർ ബ്രിട്ടീഷ് കടന്നുകയറ്റത്തെ എതിർക്കേണ്ടതാണ് എന്ന് മനസ്സിലാക്കി.
   - ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ചവർ ദേശീയ വിദ്യാലയങ്ങൾ സ്ഥാപിച്ചു.
   - മതേതര വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചു.
   - ഇന്ത്യൻ സമൂഹത്തിലെ അനാചാരങ്ങൾക്ക് എതിരായി ഒറ്റക്കെട്ടായി പ്രവർത്തിച്ചു.

3. ദേശീയ സമരകാലത്തെ ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെയും ദേശീയ വിദ്യാഭ്യാസത്തിന്റെയും നയങ്ങൾ താരതമ്യ ചെയ്യുക.

| ദേശീയവിദ്യാഭ്യാസം | ഇംഗ്ലീഷ് വിദ്യാഭ്യാസം |
|---|---|
| - ഇന്ത്യൻ സമൂഹത്തിലെ അസമത്വത്തെ എതിർത്തു.<br>- ബ്രിട്ടീഷ് ഭരണത്തെ എതിർത്തു<br>- ഇന്ത്യക്കാരിൽ ദേശീയകാഴ്ചപ്പാട് ഉണ്ടാക്കി.<br>- ദേശീയ ഭാഷയായി ഹിന്ദി ഉയർന്നു വന്നു. | - ഇംഗ്ലീഷ് ജീവിതരീതിയോട് താല്പര്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കാൻ ശ്രമിച്ചു.<br>- ഒരു വിഭാഗം ഇന്ത്യക്കാരുടെ പിന്തുണ നേടിയെടുക്കാൻ ശ്രമിച്ചു. |

4. ഇന്ത്യൻ ദേശീയത രൂപപ്പെടുത്തുന്നതിൽ സാഹിത്യം, കല എന്നിവയ്ക്കുള്ള പങ്ക് വിശദമാക്കുക.?
   - ജനങ്ങളുടെ ദുരിതങ്ങൾ സാഹിത്യകാരൻമാർ വിവരിച്ചു.

- മറ്റ് പ്രദേശങ്ങളിലെ ജനങ്ങളുടെ ദുരിതങ്ങൾ തങ്ങളുടേതാണെന്ന ബോധം ജനങ്ങളിലുണ്ടാക്കി.
- ഇന്ത്യക്കാരുടെ ജീവിത യാഥാർത്ഥ്യങ്ങൾ സാഹിത്യകാരന്മാർ വിവരിച്ചു.

5. നന്ദലാൽ ബോസിന്റെ 'സതി' എന്ന ചിത്രം ദേശീയതയ്ക്കനുകൂലമായ എന്തെല്ലാം മനോഭാവങ്ങളാണ് ജനങ്ങളിൽ സൃഷ്ടിച്ചിട്ടുണ്ടാവുക?
   - ദുരാചാരങ്ങൾക്കെതിരായ മനോഭാവം ജനങ്ങളിൽ ഉണ്ടാക്കി
   - സ്ത്രീകൾക്കെതിരായ വിവേചനങ്ങൾ ഒഴിവാക്കാനുള്ള മനോഭാവം.

6.

| **സ്ഥാപനം** | **വ്യക്തികൾ** |
|---|---|
| ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ | വില്യം ജോൺസ് |
| കൽക്കട്ട മദ്രസ | വാറൻ ഹേസ്റ്റിംഗ്സ് |
| ബനാറസ് സംസ്കൃത കോളേജ് | ജൊനൊഥൻ ഡങ്കൻ |
| പ്രാദേശിക ഭാഷാപത്ര നിയമം | ലിട്ടൻ പ്രഭു |

7. വിധവകളുടെ പുനർവിവാഹത്തിനായി ബംഗാളിൽ പ്രവർത്തിച്ച വ്യക്തിയാര്?

   ഈശ്വരചന്ദ്ര വിദ്യാസാഗർ

8. പത്തൊൻപതാം നൂറ്റാണ്ടിലെ ഇന്ത്യയിലെ സാമൂഹ്യപരിഷ്കർത്താക്കൾ മുന്നോട്ടുവെച്ച ആശയങ്ങൾ ഇന്ത്യയിൽ സാമൂഹികമാറ്റത്തിന് എത്രമാത്രം സഹാകരമായിട്ടുണ്ട്?
   - ജാതിവ്യവസ്ഥയെ നിർമ്മാർജ്ജനം ചെയ്യുക.
   - സ്ത്രീകൾക്കെതിരായ വിവേചനം അവസാനിപ്പിക്കുക.
   - എല്ലാവർക്കും വിദ്യാഭ്യാസം നൽകുക.
   - വിധവാ പുനർവിവാഹം നടപ്പിലാക്കുക.
   - ദുരാചാരങ്ങളെ എതിർത്തു.
   - ശൈശവ വിവാഹം, പൗരോഹിത്യം എന്നിവ അവസാനിപ്പിക്കുക.
   - സ്വാതന്ത്ര്യം, സമത്വം, സ്വതന്ത്രചിന്ത എന്നിവയെ പ്രോത്സാഹിപ്പിച്ചു.

9. ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിന് വിദ്യാഭ്യാസം വഹിച്ച പങ്ക് വിശദമാക്കുക.
   - ബ്രിട്ടീഷ് ചൂഷണത്തെയും ഇന്ത്യൻ സമൂഹത്തിലെ അനാചാരങ്ങളെയും എതിർക്കുന്നതിന് വിദ്യാഭ്യാസം സഹായകമായി.
   - ദേശീയ വിദ്യാലയങ്ങൾ ദേശീയ ബോധം വളർത്തി
   - മതേതര വിദ്യാഭ്യാസം നൽകി
   - സ്വദേശി പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് കാരണമായി.
   - ടാഗോറിന്റെ വിദ്യാഭ്യാസ രീതികൾ അന്തർദേശീയ സാഹോദര്യത്തിന് പ്രാധാന്യം നൽകി.

10.

| പരിഷ്കരണ പ്രസ്ഥാനങ്ങൾ | വ്യക്തികൾ |
|---|---|
| സ്വാഭിമാന പ്രസ്ഥാനം | ഇ.വി. രാമസ്വാമി നായ്കർ |
| സത്യശോധക് സമാജം | ജ്യോതിബാഫുലെ |
| ബ്രഹ്മസമാജം | രാജാറാം മോഹൻറായ് |
| പ്രാർത്ഥനാ സമാജം | ആത്മാറാം പാണ്ഡുരംഗ് |

10. ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ വർത്തമാനപത്രങ്ങൾ വഹിച്ച പങ്ക് വിശദമാക്കുക.
    - ബ്രിട്ടീഷ് ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ പത്രങ്ങളിലൂടെ വിമർശിച്ചു.
    - ദേശീയത, സാമൂഹ്യപരിഷ്ക്കരണം, ജനാധിപത്യം തുടങ്ങിയ ആശയങ്ങൾക്ക് ഊന്നൽ നൽകി.
    - സാമൂഹിക തിന്മകൾക്കെതിരായി പ്രതികരിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു.
11. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതി രൂപീകരിക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം?
    - വിദ്യാർത്ഥിയായിരിക്കുമ്പോൾ ചില തൊഴിലുകൾ പഠിച്ചാൽ അത് ഭാവിയിൽ ജീവിതത്തിന് ഗുണകരമാകും.
    - തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കിട്ടിയ തലമുറ ബ്രിട്ടീഷുകാരെ പ്രതിരോധിക്കും.
12. ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയന്റൽ ആർട്സ് സ്ഥാപിച്ചതാര്?
    അഞ്ചനീന്ദ്രനാഥ് ടാഗോർ (ചിത്രകാരൻ)
13. ഇന്ത്യയുടെ സാമൂഹ്യപരിഷ്ക്കരണത്തിൽ രാജാറാം മോഹൻറായുടെ പങ്കെന്ത്?
    - ഇന്ത്യൻ സമൂഹത്തിന്റെ ആധുനികവൽക്കരണത്തിനായി വാദിച്ചു.
    - ജാതിവ്യവസ്ഥയെ എതിർത്തു.
    - ‘സതി’ നിർത്തലാക്കാൻ വേണ്ടി പ്രയത്നിച്ചു.
    - ‘ബ്രഹ്മസമാജം’ സ്ഥാപിച്ചു.
14. ഈശ്വരചന്ദ്ര വിദ്യാസാഗർ - വിധവകളുടെ പുനർവിവാഹം - സ്ത്രീവിദ്യാഭ്യാസം
15. പണ്ഡിത രമാബായി - ‘ശാരദാസദൻ’ - വിധവാ വിദ്യാഭ്യാസം
16. ബ്രിട്ടീഷുകാർ നിയമം മൂലം നിരോധിച്ച സാമൂഹ്യ അനാചാരങ്ങൾ എന്തെല്ലാം?
    - അടിമത്തം
    - സതി
    - പെൺശിശുഹത്യ
    - ശൈശവ വിവാഹം
    - ബഹുഭാര്യാത്വം
    - വിധവാപുനർവിവാഹം
17. പ്രാദേശികഭാഷാ പത്രനിയമം
    - 1978 ൽ നടപ്പിലാക്കി
    - വർത്തമാന പത്രങ്ങളെ നിയന്ത്രിക്കൽ
    - ലിട്ടൻ പ്രഭു

**അധ്യായം 6**

# സമരവും സ്വാതന്ത്ര്യവും

**ആശയങ്ങൾ**

എ) - ഗാന്ധിജി നേതൃത്വം നൽകിയ പ്രാദേശിക സമരങ്ങൾ

- ചമ്പാരൻ സമരം, അഹമ്മദാബാദ് തുണിമിൽ സമരം
- ഖേദയിലെ സമരം

ബി) ദേശീയസമരങ്ങൾ

- റൗലറ്റ് ആക്ട്
- ജാലിയൻ വാലാബാഗ് കൂട്ടക്കൊല

സി) ഗാന്ധിജി നേതൃത്വം നൽകിയ ദേശീയ സമരങ്ങൾ

- നിസ്സഹകരണ സമരം
- സിവിൽ നിയമലംഘനം
- ക്വിറ്റ് ഇന്ത്യ സമരം

ഡി) വേറിട്ട ആശയങ്ങൾ

- വിപ്ലവ പ്രസ്ഥാനങ്ങൾ
- തൊഴിലാളി കർഷക പ്രസ്ഥാനങ്ങൾ

ഇ) സ്വാതന്ത്ര്യത്തിലേക്ക്

മൗണ്ട് ബാറ്റൺ പദ്ധതി

1. ഗാന്ധിജിയുടെ ആദ്യകാല സമരവുമായി ബന്ധപ്പെട്ട് പട്ടിക പൂർത്തിയാക്കുക.

| സമരം | പ്രദേശം | വർഷം |
|---|---|---|
| ചമ്പാരൻ സമരം | .................. | .................... |
| ........................ | ഗുജറാത്ത് | .................... |
| ........................ | .................. | 1918 |

**ഉത്തരസൂചിക**

ചമ്പാരൻ സമരം - ബീഹാർ - 1917

അഹമ്മദാബാദ് തുണിമിൽ സമരം- ഗുജറാത്ത് - 1918

ഖേദയിലെ കർഷകസമരം - ഗുജറാത്ത് - 1918

2. ഗാന്ധിജിയുടെ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ എന്തെല്ലാം?

- ദേശീയ പ്രസ്ഥാനത്തിലേക്ക് സാധാരണക്കാരായ ജനങ്ങൾ ആകർഷിക്കപ്പെട്ടു.
- ഗാന്ധിജി എല്ലാവിഭാഗം ജനങ്ങൾക്കും സ്വീകാര്യനായ നേതാവായി മാറി.

- പട്ടണങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ദേശീയ പ്രസ്ഥാനത്തിന് ഗ്രാമപ്രദേശങ്ങളിൽ വേരോട്ടമുണ്ടായി.

3. ഇന്ത്യയിലെ സാധാരണക്കാരുടെ വിശ്വാസവും അംഗീകാരവും നേടാൻ ഗാന്ധിജിക്കു വളരെ പെട്ടെന്ന് തന്നെ കഴിഞ്ഞതിന്റെ കാരണങ്ങൾ എന്തെല്ലാമായിരുന്നു?
   - തങ്ങളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുന്ന രക്ഷകനായി ഗാന്ധിജിയെ സാധാരണക്കാർ വിലയിരുത്തി.
   - ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി നടത്തിയ സമരങ്ങൾ അദ്ദേഹത്തെ പ്രശസ്തനാക്കി.
   - സാധാരണക്കാരെപ്പോലെയുള്ള അദ്ദേഹത്തിന്റെ ജീവിതം ജനങ്ങൾക്ക് കൂടുതൽ സ്വീകാര്യനാക്കി.

4. ഖേദ സത്യാഗ്രഹത്തെക്കുറിച്ച് ചുരുക്കി വിവരിക്കുക
   - വരൾച്ചയും കൃഷിനാശവും മൂലം ദുരിതത്തിലായിരുന്ന ഖേദയിലെ കർഷകരിൽ നിന്നു നികുതി പിരിക്കാൻ അധികാരികൾ തീരുമാനിച്ചതിനെതിരെ ഗാന്ധിജി നികുതി നിഷേധവും സത്യാഗ്രഹവും സമരായുധങ്ങളായി ഉപയോഗിച്ചു. ഇതിന്റെ ഫലമായി സർക്കാർ നികുതിയിളവു നൽകാൻ തയ്യാറായി.

. 5. ഭീകരവാദ പ്രവർത്തനം തടയാനെന്ന പേരിൽ ബ്രിട്ടീഷുകാർ നടപ്പിലാക്കിയ നിയമം ഏതായിരുന്നു?

   1919 ൽ നടപ്പിലാക്കിയ റൗലറ്റ് നിയമം

6. ജാലിയൻ വാലാബാഗ് സംഭവത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

   റൗലറ്റ് നിയമത്തിനെതിരെ പഞ്ചാബിലെ ജാലിയൻ വാലാബാഗ് എന്ന സ്ഥലത്ത് സമാധാനപരമായി ഒരു പൊതുയോഗം നടന്നു. യാതൊരു മുന്നറിയിപ്പുമില്ലാതെ ജനറൽ ഡയറിന്റെ നേതൃത്വത്തിൽ പട്ടാളം നിറയൊഴിച്ചു. രാജ്യത്തെ നടുക്കിയ ഈ സംഭവം ബ്രിട്ടീഷ് ഭരണത്തിന്റെ അടിത്തറയിളക്കി.


7. റൗലറ്റ് നിയമം പാസ്സാക്കാൻ നിർദ്ദേശം നൽകിയ കമ്മിറ്റിയുടെ അധ്യക്ഷൻ?

   സർ സിഡ്നി റൗലറ്റ്

8.. റൗലറ്റ് നിയമം എന്താണെന്ന് വിശദമാക്കുക?

   റൗലറ്റ് നിയമപ്രകാരം ഏതൊരാളെയും അറസ്റ്റ് ചെയ്ത് വിചാരണ കൂടാതെ തടങ്കലിൽ വയ്ക്കാനുള്ള അധികാരമുണ്ടായിരുന്നു

9. നിസ്സഹകരണ പ്രസ്ഥാനത്തിന്റെ സവിശേഷതകളുമായി ബന്ധപ്പെട്ട് പദസൂര്യൻ പൂർത്തിയാക്കുക




വിദേശവസ്തുക്കൾ ബഹിഷ്കരിക്കുക

നികുതി നൽകാതിരിക്കുക

- തെരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക
- വക്കീലന്മാർ കോടതികൾ ബഹിഷ്കരിക്കുക

10. ഖിലാഫത്ത് പ്രസ്ഥാനത്തിന് നേതൃത്വം നൽകിയത് ആരൊക്കെയായിരുന്നു?
    - മൗലാനാ മുഹമ്മദലി
    - മൗലാന ഷൗക്കത്തലി

11. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ഫലം എന്തായിരുന്നു?
    - ബ്രിട്ടീഷ് വിരുദ്ധ മനോഭാവം ഇന്ത്യയുടെ മുക്കിലും മൂലയിലും എത്തി.
    - ഹിന്ദു മുസ്ലീം ഐക്യം ശക്തിപ്പെട്ടു.

12. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന നിസ്സഹകരണ സമരത്തിന്റെ ഫലങ്ങൾ?
    - സ്ത്രീകളടക്കമുള്ള ജനങ്ങൾ വിദേശ വസ്ത്രങ്ങൾ പൊതുനിരത്തുകളിൽ കൂട്ടിയിട്ട് കത്തിച്ചു
    - തൊഴിലാളികൾ പണിമുടക്കി
    - വക്കീലന്മാർ കോടതിയിൽ പോകാൻ വിസമ്മതിച്ചു
    - കർഷകർ നികുതി നൽകാൻ വിസമ്മതിച്ചു

13. നിസ്സഹകരണ സമരകാലത്ത് സ്ഥാപിക്കപ്പെട്ട ദേശീയ വിദ്യാലങ്ങൾ ഏതൊക്കെയായിരുന്നു
    - കാശി വിദ്യാപീഠം, ഗുജറാത്ത് വിദ്യാപീഠം, ജാമിയ മില്ലിയ

14 നിസ്സഹകരണ സമരം നിർത്തിവയ്ക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവം എന്തായിരുന്നു?
    - ചൗരിചൗര സംഭവം

      ഉത്തർപ്രദേശിലെ ചൗരിചൗര ഗ്രാമത്തിലെ ജനങ്ങൾ പോലീസ് സ്റ്റേഷൻ ആക്രമിച്ച് തീയിട്ട സംഭവം

15 ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ അന്തിമലക്ഷ്യം പൂർണ്ണസ്വരാജ് ആണെന്ന് പ്രഖ്യാപിച്ചത് ഏത് സമ്മേളനത്തിൽ?

1929 ലെ ലാഹോർ സമ്മേളനത്തിൽ വെച്ച്

16 ഐ.എൻ.സി. യുടെ ലാഹോർ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചതാര്?

ജവഹർലാൽ നെഹ്റു

17. 1929 ലെ ലാഹോർ സമ്മേളനത്തിന്റെ പ്രധാനപ്പെട്ട തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു?


ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അന്തിമ ലക്ഷ്യം പൂർണ്ണസ്വരാജ് ആണെന്ന് സമ്മേളനം പ്രഖ്യാപിച്ചു.

ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമ ലംഘനം ആരംഭിക്കാൻ തീരുമാനിച്ചു.

18. ഏത് കോൺഗ്രസ് സമ്മേളനത്തിന്റെ തീരുമാനപ്രകാരമാണ് സിവിൽ നിയമ ലംഘനം ആരംഭിച്ചത്?

1929 ലെ ലാഹോർ സമ്മേളനം

19. പദസൂര്യൻ പൂർത്തിയാക്കുക.




- രാഷ്ട്രീയ തടവുകാരെ വിട്ടയക്കുക
- സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക
- കൃഷികാർക്ക് 50% നികുതിയിളവ് നൽകുക

20. സിവിൽ നിയമലംഘനത്തിന് ഗാന്ധിജി ഉപ്പ് ഒരു സമരായുധമായി തെരഞ്ഞെടുക്കാൻ കാരണമെന്ത്?

- ഉപ്പിന്റെ വില മൂന്നിരട്ടി വർദ്ധിപ്പിച്ചു
- തദ്ദേശീയർക്ക് ഉപ്പ് ഉണ്ടാക്കാൻ അവകാശമില്ല
- സാധാരണക്കാരെ ഉണർത്താൻ ഉതകുന്ന ഒരു സമരായുധമായിരന്നു.

21. ഗുജറാത്തിലെ ധരാസന സമരത്തിന് നേതൃത്വം നൽകിയതാര്?

- സരോജിനി നായിഡു

22. ഉപ്പുസത്യാഗ്രഹത്തിലൂടെ ഗാന്ധിജി കൈവരിച്ച നേട്ടങ്ങൾ ഏവ?

- ജനങ്ങളുടെ വൻതോതിലുള്ള പിന്തുണ നേടിയെടുക്കാൻ സാധിച്ചു
- ബ്രിട്ടീഷ് സർക്കാരിന്റെ ചൂഷണം ഏറ്റവും ലളിതമായ മാർഗ്ഗത്തിലൂടെ ജനങ്ങളെ ബോധ്യപ്പെടുത്താൻ സാധിച്ചു.
- നിസ്സാരമെന്നു തോന്നുന്ന ജനകീയ പ്രശ്നങ്ങളെ പോലും ശക്തമായ സമരായുധമാക്കാൻ സാധിക്കും എന്ന് തെളിയിച്ചു.

23. ഇന്ത്യയിൽ ഭരണഘടന പരിഷ്ക്കാരം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് നടത്തിയ സമരം ഏതായിരുന്നു?

- ക്വിറ്റ് ഇന്ത്യ സരം 1942

24. സ്വരാജ് പാർട്ടിക്ക് രൂപം നൽകിയത് ആരുടെ നേതൃത്വത്തിലാണ് ?

സി.ആർ.ദാസ്, മോത്തിലാൽ നെഹ്റു

25. സ്വരാജ് പാർട്ടി രൂപീകരിക്കപ്പെട്ടത് എന്നാണ് ?

1929

26. ക്വിറ്റ് ഇന്ത്യ സമരത്തിന് കാരണമായ ഘടകങ്ങൾ ഏവ ?

ഇന്ത്യയിൽ ഭരണഘടന പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൺ കാണിച്ച വൈമനസ്യം

വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി.

രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൺ പരാജയപ്പെടും എന്ന തോന്നൽ.

27. ക്വിറ്റ് ഇന്ത്യ സമരത്തിന്റെ ഭാഗമായി ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു?

- കർഷകർ നികുതി കൊടുക്കരുത്
- ഇന്ത്യൻ പട്ടാളക്കാർ ഇന്ത്യക്കാർക്ക് നേരെ വെടിയുതിർക്കരുത്
- നാട്ടുരാജാക്കന്മാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം
- സർക്കാർ ജീവനക്കാർ രാജി വയ്ക്കാതെ ദേശീയ പ്രസ്ഥാനത്തോടുള്ള കൂറ് പരസ്യമാക്കണം

28. ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ഭാഗമായി സമരാനുകൂലികൾ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാം?

ബ്രിട്ടീഷുകാർ ക്വിറ്റ് ഇന്ത്യ സമരത്തെ ക്രൂരമായി നേരിട്ടു.

ഗാന്ധിജി അടക്കമുള്ള നേതാക്കളെ അറസ്റ്റ് ചെയ്തു.

ജനങ്ങൾ പലയിടങ്ങളിലും ഗവൺമെന്റ് കെട്ടിടങ്ങൾ ഇലക്ട്രിക്ക് ലൈനുകൾ, ഗതാഗത മാർഗ്ഗങ്ങൾ തുടങ്ങിയവ തകർത്തു.

29. ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ എന്ന സംഘടനയ്ക്ക് രൂപം നൽകിയത് ആരുടെ നേതൃത്വത്തിലാണ്?
ഭഗത്സിങ്ങ്, ചന്ദ്രശേഖർ ആസാദ്, രാജ്ഗുരു, സുഖ്ദേവ് തുടങ്ങിയവരായിരുന്നു ഇതിന് നേതൃത്വം നൽകിയത്.

30. റിപ്പബ്ലിക്കൻ ആർമിയുടെ ലക്ഷ്യമെന്തായിരുന്നു ?
കോളനി ഭരണം അട്ടിമറിക്കുകയും ഇന്ത്യൻ സംസ്ഥാനങ്ങളുടെ ഫെഡറൽ റിപ്പബ്ലിക്ക് സ്ഥാപിക്കുന്നതിന് സായുധവിപ്ലവം നടത്തുക എന്നിവയായിരുന്നു ലക്ഷ്യം.

31. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രൂപം കൊണ്ട വർഷം ?
1934

32. നിയമലംഘന കാലഘട്ടത്തിൽ ഗാന്ധിജിയുടെ ആഹ്വാനം ഏറ്റെടുത്ത ജനങ്ങൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾ ഏവ ?
ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉപ്പുകുറുക്കി ജനങ്ങൾ നിയമലംഘനങ്ങളിൽ പങ്കാളികളായി. കേരളത്തിൽ പയ്യന്നൂർ, തമിഴ്നാട്ടിൽ വേതാരണ്യം, മഹാരാഷ്ട്രയിൽ ബോംബെ, ബംഗാളിൽ നവഖാലി, വടക്കുപടിഞ്ഞാറൻ അതിർത്തി പ്രദേശം തുടങ്ങിയ നിയമ ലംഘന സമരത്തിന്റെ പ്രധാന കേന്ദ്രങ്ങളായി.
സമരവോളണ്ടിയർമാർ ഉപ്പുണ്ടാക്കി ജനങ്ങൾക്ക് വിതരണം ചെയ്തു.
ബ്രിട്ടീഷ് വിരുദ്ധ മുദ്രാവാക്യം വിളിച്ചു.
ഗുജറാത്തിലെ ധരാസന ഉപ്പുനിർമ്മാണശാലയിൽ സരോജിനി നായിഡുവിന്റെ നേതൃത്വത്തിൽ സത്യാഗ്രഹം നടന്നു.

33. ശരിയായി ക്രമപ്പെടുത്തുക.
ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുണ്ടായ കർഷക സമരം, നടന്ന സ്ഥലങ്ങൾ എന്നിവ ചേർത്തെഴുതുക.

| സമരങ്ങൾ | നടന്ന സ്ഥലങ്ങൾ |
|---|---|
| തെഭാഗ സമരം | ബോംബെ |
| തെലങ്കാന സമരം | ആന്ധ്രപ്രദേശ് |
| നാവിക കലാപം | ബോംബെ |

**ഉത്തരസൂചിക**

| | |
|---|---|
| തെഭാഗ സമരം | ബംഗാൾ |
| തെലങ്കാന സമരം | ആന്ധ്രപ്രദേശ് |
| നാവിക കലാപം | ബോംബെ |

34. കിസാൻ മാനിഫെസ്റ്റോയ്ക്ക് രൂപം നൽകിയതാര്?

ബോംബെയിലെ അഖിലേന്ത്യ കിസാൻ സമിതി

35. കിസാൻ മാനിഫെസ്റ്റോയിൽ ഉൾപ്പെടുത്തിയ പ്രധാന ആവശ്യങ്ങൾ ഏവ?

- ഭൂനികുതിയും പാട്ടവും 50% കുറയ്ക്കുക
- കടങ്ങൾ മരവിപ്പിക്കുക
- ഫ്യൂഡൽ നികുതികൾ റദ്ദാക്കുക
- കർഷക യൂണിയനുകളെ അംഗീകരിക്കുക

36. റഷ്യൻ വിപ്ലവത്തിനുശേഷം ഇന്ത്യയിൽ രൂപീകരിക്കപ്പെട്ട തൊഴിലാളി പ്രസ്ഥാനങ്ങൾ ഏതെല്ലാം? അവയുടെ പ്രധാന ലക്ഷ്യങ്ങൾ ഏവ?

- അഹമ്മദാബാദ് ടെക്സ്റ്റൈൽ അസോസിയേഷൻ
- മദ്രാസ് ലേബർ യൂണിയൻ
- അഖിലേന്ത്യ ട്രേഡ് യൂണിയൻ

* തൊഴിലാളി വർഗ്ഗമെന്ന നിലയിൽ സംഘടിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക
* ഇന്ത്യൻ തൊഴിലാളി വർഗ്ഗവും രാജ്യത്തിനുപുറത്തുള്ള തൊഴിലാളി വർഗ്ഗവുമായി ചേർന്നുപ്രവർത്തിക്കുക.

37. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ INA യുടെയും സുബാഷ്ചന്ദ്ര ബോസിന്റെയും പങ്ക് വിലയിരുത്തുക.

- ഫോർവേർഡ് ബ്ലോക്ക് എന്ന പാർട്ടി രൂപീകരിച്ചു
- റാഷ് ബിഹാരി ബോസ് രൂപീകരിച്ച INA യുടെ നേതൃത്വം ഏറ്റെടുത്തു
- സിംഗപൂരിൽ വെച്ച് സ്വതന്ത്രഭാരതത്തിന് ഒരു താല്കാലിക ഗവൺമെന്റ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രൂപംകൊണ്ടു.
- ജപ്പാന്റെ സഹായത്തോടെ INA ഇന്ത്യയുടെ വടക്ക്-കിഴക്കൻ അതിർത്തി വരെ എത്തുകയും ഇംഫാലിൽ ദേശീയ പതാക ഉയർത്തുകയും ചെയ്തു.

38. പഞ്ചാബും ബംഗാളും രണ്ടായി വിഭജിക്കണം എന്ന് നിർദ്ദേശിച്ച പദ്ധതി ഏത്?

മൗണ്ട് ബാറ്റൺ പദ്ധതി

39. മൗണ്ട് ബാറ്റൺ പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങളേവ?

- പഞ്ചാബും ബംഗാളും രണ്ടായി വിഭജിക്കേണ്ടതാണ്
- മുസ്ലീങ്ങൾക്ക് ഭൂരിപക്ഷമുള്ള പ്രദേശത്ത് അവർ ആഗ്രഹിക്കുന്ന പക്ഷം ഒരു പ്രത്യേക രാജ്യം അനുവദിക്കേണ്ടതാണ്.
- വടക്കുപടിഞ്ഞാറൻ അതിർത്തി പ്രദേശങ്ങൾക്ക് ഹിതപരിശോധനയുടെ അടിസ്ഥാനത്തിൽ പാക്കിസ്ഥാനിൽ ചേരണോ വേണ്ടയോ എന്ന് തീരുമാനിക്കാം.

40. കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതാക്കൾ ആരെല്ലാം?

ജവഹർലാൽനെഹ്റു, സുബാഷ്ചന്ദ്രബോസ്, അരുണ അസഫലി,
ജയപ്രകാശ് നാരായണൻ

41. ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകാൻ ബ്രിട്ടനെ പ്രേരിപ്പിച്ച ഘടകങ്ങളേവ?

- ബ്രിട്ടൻ സാമ്പത്തികമായി ദുർബലമായി
- ഏഷ്യയിലും ആഫ്രിക്കയിലും സ്വാതന്ത്ര്യസമരങ്ങൾ ശക്തിപ്പെട്ടു.
- സോവിയറ്റ് യൂണിയനും അമേരിക്കയും കോളനിവാഴ്ചയ്ക്കെതിരെ നടപടി എടുത്തു

42. വിപ്ലവ പ്രസ്ഥാനങ്ങളെയും അതിനു നേതൃത്വം നൽകിയവരെയും ചേർത്തെഴുതുക.

അഭിനവ് ഭാരത് സൊസൈറ്റി - ലാലാ ഹർദയാൽ
അനുശീലൻസമിതി - വിഡി സവർക്കർ
ഗദ്ദർ പാർട്ടി - സൂര്യസെൻ
ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി - റാഷ് ബിഹാരി ബോസ്

43. ഗാന്ധിയൻ സമരരീതിയിൽ നിന്നും വ്യത്യസ്തമായ പ്രസ്ഥാനങ്ങളും വ്യക്തികളും ഇന്ത്യയുടെ ദേശീയ സമരത്തിൽ നിർണ്ണായക പങ്ക് വഹിച്ചു. ഏതെങ്കിലും മൂന്ന് പ്രസ്ഥാനങ്ങളും അവയുടെ പ്രവർത്തനങ്ങളും വിശദമാക്കുക.

- സ്വരാജ് പാർട്ടി - മോത്തിലാൽ നെഹ്റു, ബി.ആർ. ദാസ് നിയമനിർമ്മാണ സഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും നിയമസഭ പോരാട്ട വേദിയാക്കുകയും ചെയ്യുക.
- ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ
  ഭഗത്സിംഗ്, ചന്ദ്രശേഖർ ആസാദ്, രാജ്ഗുരു, സുഖ്ദേവ് എന്നിവർ നേതൃത്വം നൽകി.

ഇന്ത്യൻ സംസ്ഥാനങ്ങളുടെ ഫെഡറൽ റിപ്പബ്ലിക് സ്ഥാപിക്കുന്നതിന് സായുധവിപ്ലവം സംഘടിപ്പിക്കുക.

## അധ്യായം 7

# സ്വാതന്ത്ര്യാനന്തര ഇന്ത്യ

**ആശയങ്ങൾ**

- അഭയാർത്ഥി പ്രവാഹം
- നാട്ടുരാജ്യങ്ങളുടെ സംയോജനം
- ഭരണഘടന രൂപീകരണം
- ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ രൂപീകരണം
- സാമ്പത്തിക മേഖലയിലെ മുന്നേറ്റങ്ങൾ
- ശസ്ത്രസാങ്കേതിക നേട്ടങ്ങൾ
- ഇന്ത്യയും ബഹിരാകാശ ഗവേഷണവും
- വിദ്യാഭ്യാസം
- സാംസ്കാരിക നേട്ടങ്ങൾ
- വിദേശനയം

1. സ്വതന്ത്ര ഇന്ത്യയിൽ അഭയാർത്ഥി പ്രവാഹം ഉണ്ടാകാനിടയുള്ള സാഹചര്യം പരിശോധിക്കുക.
   - ഇന്ത്യ വിഭജനം
   - ഇന്ത്യയിൽ നിന്നും പാകിസ്ഥാനിലേക്കും തിരിച്ചുമുള്ള അഭയാർത്ഥി പ്രവാഹം
   - വർഗ്ഗീയ ലഹളകൾ

2. സ്വതന്ത്ര ഇന്ത്യയിൽ നാട്ടുരാജ്യങ്ങളുടെ സംയോജനത്തിനായി ലയനക്കരാർ തയ്യാറാക്കിയ വ്യക്തികൾ ആരൊക്കെ?
   - സർദാർ വല്ലഭായി പട്ടേൽ
   - വി.പി. മേനോൻ

3. ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ച നാട്ടുരാജ്യങ്ങൾ ഏതെല്ലാം? ഇവ പിന്നീട് ഇന്ത്യൻ യൂണിയന്റെ ഭാഗമായതെങ്ങനെ?
   - ഹൈദരാബാദ് - കാശ്മീർ - ജുനഗഡ്
   - അനുരഞ്ജനത്തിലൂടെയും സൈനിക നടപടികളിലൂടെയും.

4. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപംകൊള്ളാനിടയായ സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു?
   - ഒരേ ഭാഷ സംസാരിക്കുന്നവർ വ്യത്യസ്ത സംസ്ഥാനങ്ങളിൽ

- പോറ്റി ശ്രീരാമലുവിന്റെ രക്തസാക്ഷിത്വം
- സംസ്ഥാന പുനഃസംഘടന കമ്മീഷൻ രൂപീകരണം
- 1956 ൽ പാർലമെന്റ് പാസ്സാക്കിയ ബിൽ

5. ലയനക്കരാർ തയ്യാറാക്കിയതാര്?
   - വി.പി. മേനോൻ
   - സർദാർ വല്ലഭായി പട്ടേൽ

6. ഇന്ത്യൻ ഭരണഘടന രൂപീകരണത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
   - 1946 ൽ ഡോ. രാജേന്ദ്രപ്രസാദ് അധ്യക്ഷനായി ഭരണഘടന നിർമ്മാണസഭ രൂപീകരിച്ചു.
   - സ്വാതന്ത്ര്യത്തിനുശേഷം ഡോ. ബി.ആർ. അംബേദ്കർ ചെയർമാനായി ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചു.
   - 1956 ജനുവരി 26 ന് ഭരണഘടന നിലവിൽ വന്നു.

7. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഇന്ത്യയിൽ അധീനപ്രദേശങ്ങൾ ഉണ്ടായിരുന്ന രാജ്യങ്ങളേവ?
   - പോർച്ചുഗൽ, ഫ്രാൻസ്

8. അനുയോജ്യമായവ ചേർത്തെഴുതി പട്ടിക പൂർത്തിയാക്കുക.

| രാജ്യം | അധിനിവേശ പ്രദേശം | ഇന്ത്യയോട് ചേർക്കപ്പെട്ട വർഷം |
|---|---|---|
| ഫ്രാൻസ് | പോണ്ടിച്ചേരി | .........(എ)......... |
| .....(ബി).... | ഗോവ, ദാമൻ, ദിയു | ........(സി)........ |

**ഉത്തരസൂചിക**

(എ) 1954

(ബി) പോർച്ചുഗൽ

(സി) 1961

9. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ രൂപീകരണം - ഫ്ളോചാർച്ച്

ഒരു രാജ്യത്ത് തന്നെ വ്യത്യസ്ത ഭാഷ സംസാരിക്കുന്നവർ

↓

ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന ആവശ്യം

↓

ജനകീയ പ്രക്ഷോഭങ്ങൾ, നിരാഹാര സമരങ്ങൾ

↓

1953 - തെലുങ്ക് സംസാരിക്കുന്നവർക്കായി ആന്ധ്രാപ്രദേശ് രൂപീകരിച്ചു

↓

സംസ്ഥാന പുനഃസംഘടന കമ്മീഷൻ രൂപീകരിച്ചു

അധ്യക്ഷൻ - ഫസൽ അലി

കമ്മീഷൻ അംഗങ്ങൾ : എച്ച്.എൻ. കുൺസ്രു, കെ.എം. പണിക്കർ

↓

1956 സംസ്ഥാന പുനഃസംഘടന നിയമം പാസാക്കി

↓

1956 ഭാഷാടിസ്ഥാനത്തിൽ പുതിയ സംസ്ഥാനങ്ങൾ നിലവിൽ വന്നു

10. മിശ്രസമ്പദ്‌വ്യവസ്ഥ എന്നാലെന്ത്?

- മുതലാളിത്ത, സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടെ സമന്വയം

11. പഞ്ചവത്സര പദ്ധതികൾ ഇന്ത്യയുടെ സാമ്പത്തിക വികസനത്തെ സഹായിച്ചതെങ്ങനെ?

- കാർഷിക വ്യാവസായിക മേഖല പുഷ്ടിപ്പെട്ടു.
- ദാരിദ്ര്യ നിർമ്മാർജ്ജനം
- ഇരുമ്പുരുക്ക് വ്യവസായ ശാലകളുടെ ആരംഭം
- അണക്കെട്ടുകളുടെ നിർമ്മാണം

12. ഇന്ത്യയിലെ ഇരുമ്പുരുക്ക് നിർമ്മാണ ശാലകളും സഹായം നൽകുന്ന രാജ്യങ്ങളും അനുയോജ്യമായ രീതിയിൽ ചേർത്തെഴുതുക.

| **ഇരുമ്പുരുക്കുശാല** | **രാജ്യം** |
|---|---|
| ഭിലായ് | ..................... |
| ബൊക്കാറോ | ..................... |
| ........................ | ജർമ്മനി |
| ....................... | ബ്രിട്ടൻ |

**ഉത്തരസൂചിക**

സോവിയറ്റ് യൂണിയൻ - ഭിലായ്

സോവിയറ്റ് യൂണിയൻ - ബൊക്കാറോ

റൂർക്കേല - ജർമ്മനി

ദുർഗപൂർ - ബ്രിട്ടൻ

13. സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്രമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ കുറിക്കുക?

- ശാസ്ത്ര വ്യാവസായിക ഗവേഷണ സമിതി രൂപീകരിച്ചു
- ഇന്ത്യൻ കാർഷിക ഗവേഷണ സമിതി
- ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി
- ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്
- ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ രൂപീകരിച്ചു.
- ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

14. സ്വാതന്ത്ര്യാനന്തരം ഇന്ത്യ ബഹിരാകാശ ഗവേഷണ രംഗത്തുണ്ടായ പുരോഗതികൾ സൂചിപ്പിക്കുന്ന ഫ്ളോചാർട്ട്.

1962 ൽ, നെഹ്രു, വിക്രം സാരാഭായി എന്നിവരുടെ ശ്രമഫലമായി ഇന്ത്യൻ ദേശീയ ബഹിരാകാശ ഗവേഷണ സമിതി രൂപീകൃതമായി – 1962.

↓

1969 – ൽ ബഹിരാകാശ ഗവേഷണ സംഘടനയുടെ രൂപീകരണം (ISRO)

↓

തിരുവനന്തപുരത്തുള്ള തുമ്പയിൽ ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണ കേന്ദ്രം

↓

1975 ൽ ആര്യഭട്ട എന്ന ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ചു.

↓

ഉപഗ്രഹങ്ങൾക്കുപുറമെ വിക്ഷേപണ വാഹനങ്ങളും വികസിപ്പിച്ചു.

*(നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി – ഫിസിക്കൽ റിസർച്ച് ലബോറട്ടറി)*

↓

മിസൈൽ സാങ്കേതിക വിദ്യയിലെ പുരോഗതി

↓

എഡ്യുസാറ്റ് 2004, ചന്ദ്രൻ ചന്ദ്രയാൻ – 2008

ചൊവ്വ – മംഗൾയാൻ ദൗത്യങ്ങൾ

*(മംഗൾയാൻ : ഭൂമിയിൽ നിന്നും ഏറ്റവും അകലെയെത്തിയ ഇന്ത്യൻ നിർമ്മിത പേടകം)*

15. താഴെപറയുന്നവ കാലഗണന അടിസ്ഥാനത്തിൽ ക്രമപ്പെടുത്തുക.


- ചാന്ദ്രയാൻ ദൗത്യം
- ഐ.എസ്.ആർ.ഒ. രൂപീകരണം
- ആര്യഭട്ടയുടെ വിക്ഷേപണം
- ദേശീയ ബഹിരാകാശ ഗവേഷണ സമതിയുടെ രൂപീകരണം

**ഉത്തരസൂചിക**

- ദേശീയ ബഹിരാകാശ ഗവേഷണസമിതിയുടെ രൂപീകരണം
- ഐ.എസ്.ആർ.ഒ. യുടെ രൂപീകരണം
- ആര്യഭട്ടയുടെ വിക്ഷേപണം
- ചാന്ദ്രയാൻ ദൗത്യം

16. സ്വതന്ത്ര ഇന്ത്യയിൽ വിദ്യാഭ്യാസരംഗത്ത് കൈവരിച്ച ശ്രദ്ധേയമായ മാറ്റങ്ങൾ എന്തെല്ലാം?
    - വിദ്യാഭ്യാസ കമ്മീഷനുകളുടെ രൂപീകരണം
    - വിദ്യാലയങ്ങളുടെ എണ്ണത്തിൽ വൻ വർദ്ധനവ്
    - വിദ്യാഭ്യാസം മൗലിക അവകാശമാക്കി
    - 1986 ൽ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിൽ നവോദയ വിദ്യാലയങ്ങൾ നിലവിൽ വന്നു.
    - DPEP, RMSA

17. 1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിലെ നിർദ്ദേശങ്ങൾ




**ഉത്തരസൂചിക**

- തുടർവിദ്യാഭ്യാസം
- നവോദയ വിദ്യാലയങ്ങൾ ആരംഭിച്ചു
- പെൺകുട്ടികളുടെ വിദ്യാഭ്യാസം
- ഓപ്പറേഷൻ ബ്ലാക്ക്ബോർഡ് പദ്ധതി

18. സ്വതന്ത്ര്യാനന്തര ഇന്ത്യ സാംസ്കാരിക മേഖലയിൽ രൂപീകരിക്കപ്പെട്ട സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പട്ടിക തയ്യാറാക്കുക.

| | സ്ഥാപനം | പ്രവർത്തനങ്ങൾ | ആസ്ഥാനം |
|---|---|---|---|
| 1. | സംഗീതനാടക അക്കാദമി | ...................... | ന്യൂഡൽഹി |
| 2. | ............................... | ഇന്ത്യൻകലകളുടെ പ്രചാരം | ...................... |
| 3. | സാഹിത്യഅക്കാദമി | ...................... | ...................... |

| | | | |
|---|---|---|---|
| 4. | ................................ | നാടകമേള നടത്തുന്നു | ....................... |
| 5. | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ | ...................... | ന്യൂഡൽഹി |

**ഉത്തരസൂചിക**

- സംഗീതത്തിന്റെയും നാടകത്തിന്റെയും പ്രോത്സാഹനം
- ലളിതകലാ അക്കാദമി - ന്യൂഡൽഹി
- ഇന്ത്യൻ ഭാഷാ സാഹിത്യത്തിന്റെ ഉന്നമനം
- നാഷണൽ സ്കൂൾ ഓഫ് ഡ്രാമ - ന്യൂഡൽഹി
- കുറഞ്ഞ ചെലവിൽ പുസ്തക പ്രസിദ്ധീകരണം - വായന വളർത്തൽ

19. ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാന തത്വങ്ങളുടെ പട്ടിക താഴെകൊടുക്കുന്നു. പൂർത്തിയാക്കുക.

- സാമ്രാജ്യത്വത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ്
- വർഗ്ഗീയ വാദത്തോട് എതിർപ്പ്
- .............................................................
- .............................................................

**ഉത്തരസൂചിക**

- ഐക്യരാഷ്ട്ര സഭയിലുള്ള വിശ്വാസം
- സമാധാനപരമായ സഹവർത്തിത്വം
- പഞ്ചശീല തത്വങ്ങൾ
- ചേരിചേരായ്മ

20. സ്വതന്ത്ര ഇന്ത്യയുടെ വിദേശനയത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

    - വിദേശനയത്തിന്റെ മുഖ്യശില്പി ജവഹർലാൽ നെഹ്രു
    - ചേരിചേരാ നയം
    - പഞ്ചശീലതത്വങ്ങൾ

21. പഞ്ചശീല തത്വങ്ങളെക്കുറിച്ച് പദസൂര്യൻ പൂർത്തിയാക്കുക.



- ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാതിരിക്കുക
- സമത്വവും പരസ്പര സഹായവും വളർത്തുക
- സമാധാനപരമായ സഹവർത്തിത്വം

22. എന്താണ് ചേരിചേരായ്മ?

    അന്താരാഷ്ട്ര തലത്തിൽ സ്ഥിരമായി ഒരു ചേരിയോടൊപ്പം നിൽക്കാതെ പ്രശ്നത്തിന്റെ ശരിതെറ്റുകൾ വിലയിരുത്തി നിലപാട് എടുക്കുക എന്ന സമീപനം.

23. ഭാഷാടിസ്ഥാനത്തിൽ ആന്ധ്രസംസ്ഥാനം രൂപീകരിക്കാനുള്ള സാഹചര്യമെന്തായിരുന്നു?

    - പോറ്റിശ്രീരാമലുവിന്റെ രക്ഷസാക്ഷിത്വം

24. ചേരുംപടി ചേർക്കുക

| | | |
|---|---|---|
| ഹോമിയോജഹാംഗിർ ഭാഭ | – | മിസൈൽ മാൻ ഓഫ് ഇന്ത്യ |
| ഡോ. രാജാറാമണ്ണ | – | ഇന്ത്യൻ ദേശീയ ബഹിരാകാശ സമിതി |
| ഡോ. വിക്രം സാരാഭായി | – | ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച് |
| ഡോ. എ.പി.ജെ. അബ്ദുൾ കലാം | – | ആണവരംഗത്ത് പരീക്ഷണങ്ങൾക്ക് നേതൃത്വം |

**ഉത്തരസൂചിക**

| | | |
|---|---|---|
| ഹോമിയോ ജഹാംഗിർ ഭാഭ | – | ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച് |
| ഡോ. രാജാറാമണ്ണ | – | ആണവരംഗത്ത് പരീക്ഷണങ്ങൾക്ക് നേതൃത്വം |
| ഡോ. വിക്രം സാരാഭായി | – | ഇന്ത്യൻ ദേശീയ ബഹിരാകാശ സമിതി |
| ഡോ. എ.പി.ജെ. അബ്ദുൾ കലാം | – | മിസൈൽ മാൻ ഓഫ് ഇന്ത്യ |

25. പഞ്ചശീലതത്വങ്ങളിൽ ഒപ്പിട്ട പ്രധാനമന്ത്രിമാർ ആരൊക്കെയായിരുന്നു?

    ചൈനീസ് പ്രധാനമന്ത്രി - ചൗ എൻലായ്

    ഇന്ത്യൻ പ്രധാനമന്ത്രി - ജവഹർലാൽ നെഹ്രു

26. ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണ കേന്ദ്രം?

    തുമ്പ

27. സംസ്ഥാന പുനഃസംഘടന കമ്മീഷൻ ആരായിരന്നു?

    ഫസൽ ആലി

28. സ്വതന്ത്ര ഇന്ത്യയിലെ ഏറ്റവും വലിയ വിവിധോദ്ദേശ്യ നദീതട പദ്ധതി?

ഭക്രാനംഗൽ പദ്ധതി

29. ഇന്ത്യയുടെ സാമ്പത്തിക ആധുനികവത്ക്കരണത്തിന് അണക്കെട്ടുകൾ സഹായമായതെങ്ങനെ?

- കൃഷിക്കാവശ്യമായ ജലം ലഭ്യമായി
- വ്യവസായങ്ങൾക്കാവശ്യമായ വൈദ്യുതി ലഭിച്ചു
- കാർഷിക ഉൽപാദനം വർദ്ധിച്ചു.

30. ഇന്ത്യ ഗവൺമെന്റ് വിദ്യാഭ്യാസം മൗലിക അവകാശമാക്കിക്കൊണ്ട് നിയമം പാസ്സാക്കിയ വർഷം?

2009

31. ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതിയുടെ ലക്ഷ്യം എന്തായിരുന്നു?

-പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവ്വത്രികമാക്കാനും സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾമെച്ചപ്പെടുത്താനുമാണ് ഓപറേഷൻ ബ്ലോക്ക് ബോർഡ് പദ്ധതി ലക്ഷ്യമിട്ടത്

32. സ്വതന്ത്രാനന്തര ഇന്ത്യയിലെ വിദ്യാഭ്യാസ പുരോഗതി വിലയിരുത്തുക?

സൂചന :- വിവിധ വിദ്യാഭ്യാസ കമ്മീഷനുകൾ

- വിദ്യാഭ്യാസ കമ്മീഷനുകളുടെ ലക്ഷ്യങ്ങൾ, ചുമതലകൾ

**ഉത്തരസൂചിക**

- ഡോ. രാധാകൃഷ്ണൻ കമ്മീഷൻ, ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ, കോത്താരി കമ്മീഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ
- 1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിലെ ശുപാർശകൾ
- എസ്.എസ്.എ., ആർ.എം.എസ്.എ. എന്നീ പ്രൊജക്ടുകൾ
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ആരംഭിച്ചു
- സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകി
- യു.ജി.സി. രൂപീകൃതമായി

33സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലെ വിദ്യാഭ്യാസ കമ്മീഷനുകളെക്കുറിച്ചുള്ള പട്ടിക പൂർത്തിയാക്കുക.

| കമ്മീഷനുകൾ | വർഷം | ലക്ഷ്യം |
|---|---|---|
| 1. ഡോ. രാധാകൃഷ്ണൻ കമ്മീഷൻ | ............ | സർവ്വകലാശാല വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം |
| 2. .................................... | 1952 | സെക്കൻഡറി വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം |
| 3. ഡോ. ഡി.എസ്. കോത്താരി കമ്മീഷൻ | ........... | വിദ്യാഭ്യാസത്തിന്റെ ദേശീയമാതൃകകളെക്കുറിച്ചുള്ള നിർദ്ദേശം |

ഉത്തരസൂചിക

| കമ്മീഷനുകൾ | വർഷം | ലക്ഷ്യം |
|---|---|---|
| 1. ഡോ. രാധാകൃഷ്ണൻ കമ്മീഷൻ | 1948 | സർവ്വകലാശാല വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം |
| 2. ഡോ. ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ | 1952 | സെക്കൻഡറി വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം |
| 3. ഡോ. ഡി.എസ്. കോത്താരി കമ്മീഷൻ | 1964 | വിദ്യാഭ്യാസത്തിന്റെ ദേശീയമാതൃകകളെക്കുറിച്ചുള്ള നിർദ്ദേശം |

34.ഭൂമിയിൽ നിന്നും ഏറ്റവും അകലെയെത്തിയ ഇന്ത്യൻ നിർമ്മിത പേടകം?

– മംഗൾയാൻ

35.ഹോമി ജഹാംഗീർ ഭാഭ നേതൃത്വം നൽകിയ ശാസ്ത്രസ്ഥാപനങ്ങൾ ?

- ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്

- ഇന്ത്യൻ ആണവോർജ കമ്മീഷൻ

36. ഇന്ത്യൻ ഭാഷ അടിസ്ഥാനത്തിൽ രൂപം കെണ്ട ആദ്യത്തെ സംസ്ഥാനം ?

- ആന്ധ്രപ്രദേശ്

37.ഭാഷാ പുന:സംഘടന കമ്മീഷന്റെ അധ്യക്ഷൻ ?

- ഫസൽ അലി

38. ഭാരണഘടന നിർമ്മാണ സഭയുടെ അധ്യക്ഷൻ ?

- ഡോ.രാജേന്ദ്ര പ്രസാദ്

39. ഭരണഘടന അനുസൃതമായി ഇന്ത്യയിൽ ആദ്യത്തെ പൊതുതെരഞ്ഞെടുപ്പ് നടന്ന വർഷം

-1951-52 കാലയളവിൽ

## അധ്യായം 8

# കേരളം ആധുനികതയിലേക്ക്

1. യൂറോപ്യൻമാരുടെ വരവിന് മുമ്പ് കേരളവുമായി വ്യാപാരബന്ധം പുലർത്തിയിരുന്ന വിദേശകച്ചവടക്കാർ ആരെല്ലാം?
   - അറബികൾ, ചൈനക്കാർ

2. ചുവടെ നൽകിയിരിക്കുന്നവയെ കാലഗണനാക്രമത്തിൽപ്പെടുത്തുക.
   എ) മാർത്താണ്ഡവർമ്മ ഡച്ചുക്കാരെ കുളച്ചൽ യുദ്ധത്തിൽ പരാജയപ്പെടുത്തി.
   ബി) ബ്രിട്ടീഷുകാർ ഫ്രഞ്ചുകാരെ കർണ്ണാടിക് യുദ്ധത്തിൽ പരാജയപ്പെടുത്തി.
   സി)ഡച്ചുകാർ പോർച്ചുഗീസുകാരെ പരാജയപ്പെടുത്തി

**ഉത്തരസൂചിക**

സി, എ, ബി

3. കൃഷിയുടെ വാണിജ്യവൽക്കരണം കേരളത്തിലെ കാർഷിക മേഖലയെ സ്വാധീനിച്ചത് എപ്രകാരമാണ്?
   - കമ്പോളവൽക്കരണം
   - നാളികേര കൃഷിയെ പ്രോത്സാഹിപ്പിച്ചു
   - നെല്ല് ഉല്പാദനം കുറഞ്ഞു
   - തോട്ടവിള കൃഷി
   - മരച്ചീനി കൃഷിയുടെ ആരംഭം

4. ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന സംഘടിത കലാപം ഏത്?
   ആറ്റിങ്ങൽ കലാപം

5. ആറ്റിങ്ങൽ കലാപത്തിലേക്ക് നയിച്ച സാഹചര്യം എന്ത്?
   - അഞ്ചുതെങ്ങ് കോട്ട ബ്രിട്ടീഷുകാരുടെ സൈനിക കേന്ദ്രമാക്കിയതിൽ പ്രതിഷേധിച്ച് നാട്ടുകാർ 1721 ൽ ആറ്റിങ്ങൽ റാണിക്ക് സമ്മാനമായി പോവുകയായിരുന്ന ബ്രിട്ടീഷുകാരെ കൊലപ്പെടുത്തിയ സംഭവമാണ് ആറ്റിങ്ങൽ കലാപം.

6. മലബാർ ബ്രിട്ടീഷ് ആധിപത്യത്തിന് കീഴിൽ വന്നത് ഏതുസന്ധി പ്രകാരമാണ്?
   1792 ലെ ശ്രീരംഗപട്ടണം ഉടമ്പടി

7. നാട്ടുരാജാക്കന്മാരും ജന്മിമാരും ബ്രിട്ടീഷുകാർക്കെതിരെ തിരിയുവാൻ ഇടയായത് എന്തുകൊണ്ട്?

- ബ്രിട്ടീഷുകാർ രാജാക്കന്മാരുടെയും ജന്മിമാരുടെയും അധികാരത്തിൽ ഇടപെടുവാൻ തുടങ്ങിയത്.
- നൂറ്റാണ്ടുകളായി അവർ അനുഭവിച്ചിരുന്ന സ്വാതന്ത്ര്യത്തിലും അവകാശത്തിലുമുള്ള കൈകടത്തൽ.

8. കേരളം ബ്രിട്ടീഷാധിപത്യത്തിൻകീഴിലായത് എങ്ങനെയെന്ന് വിശദമാക്കുക?

- 1792 ലെ ശ്രീരംഗപട്ടണം ഉടമ്പടി പ്രകാരം മലബാർ ബ്രിട്ടീഷ് അധീനതയിലായി
- 1792 കൊച്ചി രാജാവ് ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചു
- 1795 ൽ സൈനിക സഖ്യ ഉടമ്പടി പ്രകാരം തിരുവിതാംകൂർ ബ്രിട്ടീഷ് ആധിപത്യം അംഗീകരിച്ചു.

9. ബ്രിട്ടീഷുകാർക്കെതിരെ തിരിയുവാൻ പഴശ്ശിരാജയെ പ്രേരിപ്പിച്ച ഘടകം എന്ത്?

- കോട്ടയം പ്രദേശത്തെ നികുതി പിരിവ് അവകാശം നൽകാമെന്ന വാഗ്ദാനം പാലിക്കാത്തതിൽ പ്രതിഷേധിച്ച്.

10. വേലുത്തമ്പിയേയും പാലിയത്തച്ഛനേയും ബ്രിട്ടീഷുകാരുടെ ശത്രുവാക്കിയ സാഹചര്യം എന്ത്?

തിരുവിതാംകൂറിലെയും കൊച്ചിയിലേയും ആഭ്യന്തരകാര്യങ്ങളിൽ ബ്രിട്ടീഷുകാർ ഇടപെട്ടത്.

11. ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ ജനങ്ങളെ ആഹ്വാനം ചെയ്തുകൊണ്ട് വേലുത്തമ്പി നടത്തിയ വിളംബരം ഏതുപേരിലറിയപ്പെടുന്നു?

കുണ്ടറ വിളംബരം - 1809

12. വിദേശവ്യാപാരം വർദ്ധിപ്പിക്കുന്നതിന് ബ്രിട്ടീഷുകാർ കൈകൊണ്ട നടപടികൾ എന്തെല്ലാം?

- വ്യാപാര നിയമങ്ങൾ തങ്ങൾക്കനുകൂലമായി ഭേദഗതി ചെയ്തു.
- ഏകീകൃത നാണയവ്യവസ്ഥയും അളവുകളും നടപ്പിലാക്കി
- ഗതാഗത സൗകര്യം വർദ്ധിപ്പിക്കാനായി റോഡുകൾ, പാലങ്ങൾ നിർമ്മിച്ചു.
- തുറമുഖങ്ങൾ വികസിപ്പിച്ചു.

13. ബ്രിട്ടീഷുകാർ ഭൂവുടമ വ്യവസ്ഥയിൽ വരുത്തിയമാറ്റം മലബാറിലെ കുടിയാന്മാരുടെ ജീവിതത്തെ എപ്രകാരമാണ് ബാധിച്ചത്?

- നാടുവാഴികളെയും ഭൂപ്രഭുക്കന്മാരെയും ഭൂവുടമകളാക്കി
- മുൻകൂട്ടി നിശ്ചയിക്കപ്പെട്ട തുക നികുതിയായി നൽകുവാൻ കർഷകരെ നിർബന്ധിച്ചു.
- വൻതുക നികുതിയായി നിശ്ചയിച്ചതിനാൽ നികുതി അടയ്ക്കാൻ സാധിക്കാത്ത കുടിയാന്മാരെ കുടിയൊഴിപ്പിക്കുകയും ചെയ്തു.

14. മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ഭൂനിയമങ്ങൾ ഏതൊക്കെ?

| | | |
|---|---|---|
| മലബാർ | - | മലബാർ കുടിയായ്മനിയമം - 1929 |
| കൊച്ചി | - | കുടിയായ്മനിയമം - 1914 |
| തിരുവിതാംകൂർ | - | പണ്ടാരപാട്ട വിളംബരം - 1865 |

15. തിരുവിതാംകൂറിൽ മാർത്താണ്ഡവർമ്മയുടെ കാലത്ത് എന്തെല്ലാം മാറ്റങ്ങളാണ് ഭൂവുടമ ബന്ധത്തിലുണ്ടായത്?

- ഭൂപ്രഭുക്കന്മാരുടെ കൈവശം ഉണ്ടായിരുന്ന ഭൂമിയെല്ലാം സർക്കാർ ഭൂമിയാക്കി മാറ്റി.
- 1865 ലെ പണ്ടാരപാട്ട വിളംബരം വഴി കുടിയാന് കൃഷിഭൂമിയുടെ അവകാശം ലഭിച്ചു.

16. കേരളത്തിൽ ബ്രിട്ടീഷ് ഭരണകാലത്ത് ആരംഭിച്ച പരമ്പരാഗത വ്യവസായങ്ങളും അവയുടെ പ്രധാന കേന്ദ്രങ്ങളും ഏതൊക്കെ?

| | | |
|---|---|---|
| കയർ വ്യവസായം | - | ആലപ്പുഴ |
| കശുവണ്ടി വ്യവസായം | - | കൊല്ലം |
| ഓടുവ്യവസായം | - | തൃശ്ശൂർ |
| കൈത്തറി വ്യവസായം | - | കണ്ണൂർ |

17. ബ്രിട്ടീഷുകാർ കേരളത്തിൽ നടപ്പിലാക്കിയ നീതിന്യായ സംവിധാനത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

- ജാതിയെ അടിസ്ഥാനമാക്കി ശിക്ഷ വിധിക്കുന്നതിന് പകരം കുറ്റത്തിന്റെ ഗൗരവമനുസരിച്ച് ജാതി പരിഗണന കൂടാതെ എല്ലാവരെയും നിയമത്തിന് മുന്നിൽ തുല്യായി കണക്കാക്കി.

18. കേരളത്തിലെ പരിഷ്കരണ പ്രസ്ഥാനങ്ങളും സാമൂഹികമാറ്റങ്ങളും?

- ആധുനിക വിദ്യാഭ്യാസവും പാശ്ചാത്യചിന്തയും അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും എതിർക്കാൻ പ്രചോദിപ്പിച്ചു.

- ചാന്നാർ ലഹള, വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം

| **സാമൂഹ്യപരിഷ്കർത്താക്കൾ** | **പ്രസ്ഥാനങ്ങൾ** |
|---|---|
| വൈകുണ്ഠ സ്വാമികൾ | സമത്വ സമാജം |
| അയ്യങ്കാളി | സാധുജന പരിപാലന സംഘം |
| വാഗ്ഭടാനന്ദൻ | ആത്മവിദ്യാസംഘം |
| കുമാരഗുരുദേവൻ | പ്രത്യക്ഷരക്ഷാദൈവസഭ |

ശ്രീനാരായണഗുരു - ശ്രീനാരായണഗുരു ധർമ്മപരിപാലന യോഗം
പണ്ഡിറ്റ് കെ.പി. കറുപ്പൻ - അരയ സമാജം
വക്കം അബ്ദുൾ ഖാദർ മൗലവി - തിരുവിതാംകൂർ മുസ്ലിം മഹാജനസഭ
മന്നത്തു പത്മനാഭൻ - നായർ സർവ്വീസ് സൊസൈറ്റി

19. കേരളത്തിന്റെ സാംസ്കാരിക മേഖലയിൽ ബ്രിട്ടീഷ് സ്വാധീനം എപ്രകാരമായിരുന്നു?
    - അച്ചടിയന്ത്രത്തിന്റെ ആരംഭം
    - നിഘണ്ടുവും വ്യാകരണ ഗ്രന്ഥവും
    - മലയാള പത്രങ്ങൾ
    - സ്കൂളുകളും കോളേജുകളും ആരംഭിച്ചത്

20. 1930 ലെ സിവിൽ നിയമലംഘന സമരം വിശദമാക്കുക?
    ഉപ്പുസത്യാഗ്രഹം
    - കെ. കേളപ്പന്റെ നേതൃത്വത്തിൽ പയ്യന്നൂരും മുഹമ്മദ് അബ്ദുൾ റഹ്മാൻ സാഹിബിന്റെ നേതൃത്വത്തിൽ കോഴിക്കോടും ഉപ്പ് നിയമം ലംഘിച്ചു.
    - വിദേശവസ്തു ബഹിഷ്കരണം, മദ്യശാല പിക്കറ്റിംഗ്, ഖാദി പ്രചരണം ഇവ ശക്തി പ്രാപിച്ചു.

21. കേരളത്തിൽ സോഷ്യലിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിലേക്ക് നയിച്ച സാഹചര്യം എന്തായിരുന്നു?
    - ഗാന്ധിജി നിയമലംഘന സമരം പിൻവലിച്ചതിൽ പ്രതിഷേധിച്ച് ഒരുവിഭാഗം കോൺഗ്രസ് പ്രവർത്തകർ സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചു.
    - 1939 ൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി കമ്മ്യൂണിസ്റ്റ് പർട്ടിയായി മാറി
    - കമ്മ്യൂണിസ്റ്റ് പാർട്ടി കർഷകരെയും തൊഴിലാളികളെയും ബ്രിട്ടീഷ് മേധാവിത്വത്തിനും ജന്മി വ്യവസ്ഥയ്ക്കും എതിരെ പോരാടാൻ പ്രേരിപ്പിച്ചു.

22.

| സംഭവം | വർഷം | നേതൃത്വം നൽകിയവർ |
|---|---|---|
| മലബാർ കലാപം | | |
| മലയാളി മെമ്മോറിയൽ | 1921 | ജി.പി. പിള്ള |
| ഈഴവ മെമ്മോറിയൽ | 1896 | ഡോ. പൽപ്പു |
| നിവർത്തന പ്രക്ഷോഭം | 1932 | എൻ.വി. ജോസഫ്<br>പി.കെ.കുഞ്ഞ് |
| തിരുവിതാംകൂർ എസ്റ്റേറ്റ്<br>കോൺഗ്രസ് കമ്മിറ്റി | 1938 | പട്ടം താണുപ്പിള്ള |
| ഇലക്ട്രിസിറ്റി സമരം | 1936 | |
| പുന്നപ്ര വയലാർ | 1946 | |

23. ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ഏത് പുസ്തകമാണ് മലയാളഭാഷ സംസാരിക്കുന്ന പ്രദേശങ്ങൾ ഉൾപ്പെടുത്തി കേരളം രൂപീകരിക്കണമെന്ന ആശയം മുന്നോട്ടുവെച്ചത്?

ഒന്നേകാൽകോടി മലയാളികൾ

24. മലബാറിൽ ആധുനിക വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിന് മിഷനറിമാർ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെ?

- ഡോ. ഹെർമൻ ഗുണ്ടർട്ട്
- തലശ്ശേരി, കോഴിക്കോട് തുടങ്ങിയ പ്രദേശങ്ങളിൽ വിദ്യാലയങ്ങൾ ആരംഭിച്ചു
- ബാസൽ ഇവാഞ്ചലിക്കൽ മിഷൻ

## അധ്യായം 9

# രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

**പ്രധാന ആശയങ്ങൾ**

- രാഷ്ട്രം - നിർവ്വചനം
- രാഷ്ട്രത്തിന്റെ ഘടകങ്ങൾ
- രാഷ്ട്രത്തിന്റെ ചുമതലകൾ
- രാഷ്ട്രരൂപീകരണ സിദ്ധാന്തം
- രാഷ്ട്രവും പൗരനും
- രാഷ്ട്രതന്ത്രശസ്ത്ര പഠനം

1. രാഷ്ട്രം എന്നാൽ എന്ത്?

   ഒരു നിശ്ചിത പ്രദേശത്ത് സ്ഥിരമായി താമസിക്കുന്നവരും പരമാധികാരമുള്ള ഒരു ഗവൺമെന്റോടുകൂടിയതുമായ ജനതയാണ് രാഷ്ട്രം.

2. രാഷ്ട്രത്തിന്റെ വിവിധ ഘടകങ്ങൾ കണ്ടെത്തി വിട്ടഭാഗം പൂരിപ്പിക്കുക

രാഷ്ട്രത്തിന്റെ ഘടകങ്ങൾ

| | | | |
|---|---|---|---|
| (എ)................ | ഭൂപ്രദേശം | ഗവൺമെന്റ് | (ബി).............. |

**ഉത്തരസൂചിക**

എ) ജനങ്ങൾ ബി) പരമാധികാരം

**ജനങ്ങൾ**

- സ്ഥിരതാമസം
- പരസ്പര ആശ്രയത്വം
- പൊതുതാല്പര്യം
- വ്യത്യസ്ത ഭാഷ, മതം, ആചാരം
- എണ്ണം നിശ്ചയിക്കപ്പെട്ടിട്ടില്ല

**ഭൂപ്രദേശം**

- കൃത്യമായ അതിർത്തി
- രാഷ്ട്രത്തിന്റെ പൂർണ്ണനിയന്ത്രണം
- വലുപ്പത്തിന് പ്രാധന്യമില്ല
- കരഭാഗം, വായുഭാഗം, ജലഭാഗം എല്ലാം ഇതിൽ ഉൾപ്പെടുന്നു.


**ഗവൺമെന്റ്**

- വിവിധ രാജ്യങ്ങളിൽ വ്യത്യസ്ത ഗവൺമെന്റ്
- ഗവൺമെന്റ് സ്ഥിരമല്ല
- ജനസുരക്ഷയും സേവനവും ഉറപ്പാക്കണം
- രാജ്യത്തിന് വേണ്ടി നിയമങ്ങൾ നിർമ്മിക്കുന്നു.

**പരമാധികാരം**

- വിഭജിക്കാൻ കഴിയില്ല
- ദേശീയ അന്തർദേശീയ വിഷയങ്ങളിൽ സ്വതന്ത്രമായി തീരുമാനമെടുക്കാനുള്ള അധികാരം.

3. പരമാധികാരത്തിന്റെ രണ്ട് തലങ്ങൾ ഏവ? ഉദാഹരണം കണ്ടെത്തി ഫ്ളോചാർട്ട് തയ്യാറാക്കുക.




4. ഒരു രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതലയും വിവേചനപരമായ ചുമതലയും തമ്മിലുള്ള വ്യത്യാസമെന്ത്?

**നിർബന്ധിത ചുമതല**

- ഒരു രാഷ്ട്രം എല്ലാ കാലത്തും നിർബന്ധമായും നിർവ്വഹിക്കേണ്ട ചുമതലകൾ

**വിവേചനപരമായ ചുമതല**

- ഒരു രാഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് നിർവ്വഹിക്കേണ്ട ചുമതല
- പരിധി കണക്കാക്കാൻ കഴിയില്ല

5. രാഷ്ട്രത്തിന്റെ ചില ചുമതലകൾ താഴെ നൽകുന്നു. കൂടുതൽ ചുമതലകൾ കണ്ടെത്തി, നിർബന്ധിത ചുമതല, വിവേചനപരമായ ചുമതല എന്നീ തലക്കെട്ടിൽ പട്ടികപ്പെടുത്തുക.

- ആഭ്യന്തര സമാധാനം, ഗതാഗത സൗകര്യം, വിദ്യാഭ്യാസ സൗകര്യം, നീതി നടപ്പിലാക്കൽ

**ഉത്തരസൂചിക**

| നിർബന്ധിത ചുമതല | വിവേചനപരമായ ചുമതല |
|---|---|
| - ആഭ്യന്തര സമാധാനം | - വിദ്യാഭ്യാസ സൗകര്യം |
| - നീതി നടപ്പിലാക്കൽ | - ഗതാഗത സൗകര്യം |
| - അതിർത്തി സംരക്ഷണം | - ആരോഗ്യസംരക്ഷണം |
| - അവകാശ സംരക്ഷണം | - ക്ഷേമപദ്ധതികൾ |

6.

**രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങൾ**

**ദൈവദത്ത സിദ്ധാന്തം**
- രാഷ്ട്രം ദൈവ സൃഷ്ടിയാണ്

**പരിണാമസിദ്ധാന്തം**
- രാഷ്ട്രം സാമൂഹിക പരിണാമത്തിലൂടെ രൂപപ്പെട്ടു.

**സാമൂഹിക ഉടമ്പടി** സിദ്ധാന്തം
- ജനങ്ങൾ രൂപം നൽകിയ കരാറിലൂടെ രാഷ്ട്രം നിലവിൽ വന്നു.

**ശക്തി സിദ്ധാന്തം**
- ശക്തിയുള്ളവർ ദുർബലരുടെ മേൽ ആധിപത്യം കാണിച്ചു.

7. എന്താണ് പൗരത്വം?

- രാഷ്ട്രത്തിന്റെ നിയമനിർമ്മാണങ്ങളിലും നീതിനിർവ്വഹണത്തിലും പങ്കെടുക്കാൻ അധികാരമുള്ളവനാണ് പൗരൻ. ഒരു രാജ്യത്തെ പൂർണ്ണവും തുല്യവുമായ അംഗത്വമാണ് പൗരത്വം.
- രാഷ്ട്രം പൗരന് അവകാശങ്ങൾ ഉറപ്പുവരുത്തുന്നു. പൗരന് രാഷ്ട്രത്തോട് കടമകൾ ഉണ്ട്.

8. വിട്ടഭാഗം പൂർത്തീകരിക്കുക.

**പൗരത്വം**

സ്വാഭാവിക പൗരത്വം — (ബി) ...................

(എ)............. — രാജ്യത്ത് നിലവിലുള്ള നിയമാനുസൃത നടപടികൾ പാലിച്ചുകൊണ്ട് നേടുന്നു.

**ഉത്തരസൂചിക**

എ) ആർജ്ജിത പൗരത്വം

ബി) ജന്മനാ ലഭിക്കുന്നു.

9. പൗരന് മാത്രം ലഭിക്കുന്ന അവകാശങ്ങൾ?

- തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം
- വോട്ട് ചെയ്യാനുള്ള അവകാശം
- സംഘടനകൾ രൂപീകരിക്കാനുള്ള അവകാശം
- ഗവൺമെന്റിനെ വിമർശിക്കാനുള്ള അവകാശം


10. ഉത്തരം കണ്ടെത്തുക.

1. രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പിതാവ്?
2. രാഷ്ട്രവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അരിസ്റ്റോട്ടിലിന്റെ കൃതി?
3. രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങളിൽ ഏറ്റവും സ്വീകാര്യമായത്?

**ഉത്തരസൂചിക**

1. അരിസ്റ്റോട്ടിൽ
2. പൊളിറ്റിക്സ്
3. പരിണാമസിദ്ധാന്തം

11.



# അധ്യായം 10

# പൗരബോധം

**ആശയങ്ങൾ**

- പൗരബോധത്തിന്റെ പ്രാധാന്യം
- പൗരബോധം രൂപപ്പെടുത്തുന്ന ഘടകങ്ങൾ
- ഉയർന്ന പൗരബോധം - ഉത്തമ മാതൃകകൾ
- പൗരബോധവും ധാർമ്മികതയും
- പൗരബോധം നേരിടുന്ന വെല്ലുവിളികൾ
- സാമൂഹ്യശാസ്ത്രപഠനവും പൗരബോധവും

1. എന്താണ് പൗരബോധം?
   - സമൂഹത്തിന്റെ ഉത്തമ താല്പര്യങ്ങളാണ് ഒരു പൗരന്റെ താല്പര്യമെന്നും പൗരന്റെ പ്രവർത്തനങ്ങളും മനോഭാവങ്ങളും സമൂഹത്തിന് വേണ്ടിയാണെന്നുമുള്ള തിരിച്ചറിവാണ് പൗരബോധം.
   - പൗരബോധമുള്ളവൻ അവനവനോടും സമൂഹത്തോടും മാനവികതയോടും കൂറും ഉത്തരവാദിത്വവും ഉള്ളവനായിരിക്കും.

2. സമൂഹനന്മയ്ക്കുവേണ്ടി അർപ്പണബോധത്തോടെ പ്രവർത്തിച്ച് മാതൃകയായിത്തീർന്ന ചില വ്യക്തികൾ, അവരുടെ മേഖലകൾ, സ്ഥലം എന്നിവ താഴെ കൊടുത്തിരിക്കുന്നു. അനുയോജ്യമായ രൂപത്തിൽ പട്ടിക തയ്യാറാക്കുക.

| വ്യക്തിയുടെ പേര് | സ്ഥലം | പ്രവർത്തനമേഖല |
|---|---|---|
| ഹജ്ജബ്ബ | രാമേശ്വരം | കാരുണ്യപ്രവർത്തനം |
| ദശരഥ്മാഞ്ചി | മംഗലാപുരം | വിദ്യാഭ്യാസ പ്രവർത്തനം |
| A.P.J. അബ്ദുൾകലാം | ബീഹാർ | സാമൂഹ്യസേവനം |
| കല്ലേൻ പൊക്കുടൻ | കൊൽക്കത്ത | ശാസ്ത്രം |
| മയിലമ്മ | കണ്ണൂർ | പരിസ്ഥിതി സംരക്ഷണം |
| മദർ തെരേസ | പാലക്കാട്/പ്ലാച്ചിമട | കണ്ടൽക്കാട്സംരക്ഷണം |

**ഉത്തരസൂചിക**

| വ്യക്തിയുടെ പേര് | സ്ഥലം | പ്രവർത്തനമേഖല |
|---|---|---|
| ഹജ്ജബ്ബ | മംഗലാപുരം | വിദ്യാഭ്യാസ പ്രവർത്തനം |
| ദശരഥ്മാഞ്ചി | ബീഹാർ | സാമൂഹ്യസേവനം |

| | | |
|---|---|---|
| A.P.J. അബ്ദുൾകലാം | രാമേശ്വരം | ശാസ്ത്രം |
| കല്ലേൻ പൊക്കുടൻ | കണ്ണൂർ | കണ്ടൽക്കാട്സംരക്ഷണം |
| മയിലമ്മ | പാലക്കാട്/പ്ലാച്ചിമട | പരിസ്ഥിതി സംരക്ഷണം |
| മദർ തെരേസ | കൊൽക്കത്ത | കാരുണ്യപ്രവർത്തനം |

3. പൗരബോധമുള്ള വ്യക്തിയുടെ സവിശേഷതകൾ കണ്ടെത്തുക.


1. ധാർമ്മികത 2. പരിസ്ഥിതി സ്നേഹം 3. പൊതുപ്രശ്നങ്ങളിലെ ഇടപെടൽ

4. അർപ്പണബോധം 5. .................. 6. ................. 7. .................. 8. .......................

**ഉത്തരസൂചിക**

സഹിഷ്ണുത, മൂല്യബോധം, സേവന സന്നദ്ധത, നിസ്വാർത്ഥത

4. പൗരബോധത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ഫ്ളോചാർട്ട് പൂർത്തീകരിക്കുക




**ഉത്തരസൂചിക**

എ) ഭീകരപ്രവർത്തനം തടയൽ/സമാധാനവും സുരക്ഷിതത്വവും നിലനിർത്തൽ

ബി) ജനങ്ങൾക്കിടയിൽ പരസ്പര സൗഹാർദ്ദം, സഹകരണം

5. പൊതുസമൂഹം നേരിടുന്ന ചില പ്രശ്നങ്ങളാണ് താഴെ നൽകിയിരിക്കുന്നത്. അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങൾ എഴുതുക.

- ജലക്ഷാമം
- പരിസരമലിനീകരണം
- അഴിമതി

**ഉത്തരസൂചിക**

**ജലക്ഷാമം**

- കാര്യക്ഷമതയോടെ ജലം ഉപയോഗിക്കുക
- മഴവെള്ള സംഭരണ മാർഗ്ഗങ്ങൾ സ്വീകരിക്കുക
  (ഉദാ:- മഴക്കുഴി, തടയണ, മഴവെള്ളക്കൊയ്ത്ത്)
- മരങ്ങൾ വെച്ചുപിടിപ്പിക്കുക.

**പരിസരമലിനീകരണം**

- മാലിന്യസംസ്കരണ പ്രവർത്തനം നടത്തുക
- പ്ലാസ്റ്റിക് ഉപയോഗം കുറക്കുക
- പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കാതിരിക്കുക
- വാഹനത്തിന്റെ എണ്ണം കുറയ്ക്കുക
- ജൈവവളങ്ങളും ജൈവകീടനാശിനികളും ഉപയോഗിക്കുക

**അഴിമതി**

- അഴിമതി നടത്താതിരിക്കുക
- അഴിമതിക്കെതിരെ ബോധവൽക്കരണം
- അഴിമതിക്കെതിരെ പരാതി ബോധിപ്പക്കുക

6. പൗരബോധം രൂപപ്പെടുന്നതിന്/വളർത്തിയെടുക്കുന്നതിന് ഒരു വ്യക്തിയെ സഹായിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?

**ഉത്തരസൂചിക**

1. കുടുംബം 2. വിദ്യാഭ്യാസം 3. സംഘടനകൾ
4. രാഷ്ട്രീയവ്യവസ്ഥ 5. മാധ്യമങ്ങൾ

**കുടുംബം**

- പരസ്പര സ്നേഹം, പരസ്പര ബഹുമാനം, സേവന മനോഭാവം എന്നിവ ഉണ്ടാക്കുന്നു.
- കർത്തവ്യ ബോധം ഉണ്ടാക്കുന്നു.
- പ്രചോദനവും പ്രോത്സാഹനവും ലഭിക്കുന്നു.

**വിദ്യാഭ്യാസം**

- മൂല്യബോധം, സഹിഷ്ണുത, ശാസ്ത്ര അവബോധം എന്നിവ സൃഷ്ടിക്കപ്പെടുന്നു.
- പരിസ്ഥിതിബോധം വളരുന്നു
- നേതൃത്വഗുണം പരിശീലിക്കുന്നു.

**സംഘടനകൾ**

- മനുഷ്യാവകാശങ്ങളെക്കുറിച്ച് ബോധവാനാക്കുന്നു.
- ചിന്തകളും പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്നു.
- രാഷ്ട്രീയ ബോധവും ദേശീയബോധവും വളർത്തുന്നു.

**രാഷ്ട്രീയവ്യവസ്ഥ/ജനാധിപത്യ വ്യവസ്ഥ**

- ജനാധിപത്യം ഭരണക്രമം മാത്രമല്ല ജീവിതശൈലി കൂടിയാണ്.
- പരസ്പര സഹകരണം, പൗരബോധം സൃഷ്ടിക്കുന്നു.
- സ്വാതന്ത്ര്യം, സമത്വം എന്നീ ആശയങ്ങൾ
- നിയമവാഴ്ചയിൽ അധിഷ്ഠിതമായ ഭരണം

**മാധ്യമങ്ങൾ**

- ശരിയായതും വസ്തുനിഷ്ഠവുമായ വാർത്തകൾ പൗരന്മാരിൽ എത്തുന്നു.
- നിഷ്പക്ഷവും സ്വതന്ത്രവുമായ വാർത്തകൾ പൗരന്മാരിൽ സ്വീകാര്യത ഉണ്ടാക്കുന്നു.
- നൽകുന്ന അറിവുകൾ വിമർശനാത്മകമായി വിലയിരുത്താൻ സാധിക്കുന്നു.

7. പൗരബോധം വളർത്തിയെടുക്കുന്നതിൽ ധാർമ്മികത വഹിക്കുന്ന പങ്കെന്ത്?
   - നന്മ തിന്മകൾ തിരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കുകയും കടമകൾ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കുകയുമാണ് ധാർമ്മികത
   - മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും ധാർമ്മികത ഉണ്ടാകണം.
     (ഉദാ:- അധ്വാനരംഗം, ശാസ്ത്രം, വിദ്യാഭ്യാസം, ആരാധന, പ്രകൃതിവിഭവ ഉപയോഗം)
   - സമൂഹത്തിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും ധാർമ്മികതയും അധാർമ്മികതയും ഉണ്ട്.
   - ധാർമ്മികത പൗരബോധത്തെ വളർത്തുന്നു. അധാർമ്മികത പൗരബോധത്തെ ഇല്ലാതാക്കുന്നു.

8. താഴെ നൽകിയ പ്രസ്താവനകളിൽ ധാർമ്മിക പ്രവർത്തം, അധാർമ്മിക പ്രവർത്തനം എന്നിവ കണ്ടെത്തി പട്ടികപ്പെടുത്തുക.
   - പൊതുമുതൽ നശിപ്പിക്കുന്നു.
   - ജോലിചെയ്ത് പണം സമ്പാദിക്കുന്നു.
   - ജീവികളെ സഹായിക്കുന്നു.
   - മറ്റുള്ളവരെ ചൂഷണം ചെയ്ത് പണമുണ്ടാക്കുന്നു.

**ഉത്തരസൂചിക**

| ധാർമ്മിക പ്രവർത്തനം | അധാർമ്മിക പ്രവർത്തനം |
|---|---|
| - ജോലിചെയ്ത് പണം സമ്പാദിക്കുന്നു. | - പൊതുമുതൽ നശിപ്പിക്കുന്നു. |
| - സഹജീവികളെ സഹായിക്കുന്നു | - മറ്റുള്ളവരെ ചൂഷണം ചെയ്ത് പണം കണ്ടെത്തുന്നു. |

9. പൗരബോധം നേരിടുന്ന പ്രധാന വെല്ലുവിളികളാണ് താഴെ നൽകിയിരിക്കുന്നത്. പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

- പൊതുതാല്പര്യങ്ങളെ അവഗണിക്കൽ
- സ്വാർത്ഥത
- വെല്ലുവിളികൾ ഏറ്റെടുക്കാനുള്ള ഭയം
- അപകർഷത ബോധം

**ഉത്തരസൂചിക**

- സ്വന്തം താല്പര്യത്തോടൊപ്പം പൊതുതാല്പര്യങ്ങൾക്ക് വേണ്ടിയും പ്രവർത്തിക്കുക
- ഓരോരുത്തരും അവരവരുടെ പ്രവർത്തനങ്ങൾ വിമർശനാത്മകമായി വിലയിരുത്തുക
- ഉത്തമമാതൃകകളെ അനുകരിക്കുക
- ജനാധിപത്യവും സഹിഷ്ണുതയും അടിസ്ഥാനമാക്കി പ്രവർത്തിക്കുക

10. സാമൂഹ്യശാസ്ത്രപഠനം പൗരബോധ രൂപീകരണത്തിന് സഹായിക്കുന്നതെങ്ങനെ?

- സാമൂഹ്യശാസ്ത്രപഠനം സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും സന്ദേശം പൗരന്മാരിൽ എത്തിക്കുന്നു.
- വിവിധ തലത്തിലുള്ള (സാമൂഹികം, സാമ്പത്തികം, രാഷ്ട്രീയം, പാരിസ്ഥിതികം) പ്രശ്നങ്ങൾക്കുള്ള കാരണം കണ്ടെത്താനും പരിഹാരം നിർദ്ദേശിക്കാനും വ്യക്തിയെ പ്രാപ്തനാക്കുന്നു.
- പൗരബോധമുള്ള മാതൃകാ വ്യക്തികളെ പരിചയപ്പെടാൻ സഹായിക്കുന്നു.
- വൈവിധ്യത്തെ ബഹുമാനിക്കാനും സഹിഷ്ണുതാബോധം ഉണ്ടാക്കാനും സഹായിക്കുന്നു.

11. പൗരബോധം വ്യക്തമാക്കുന്ന പ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങൾ കണ്ടെത്തുക.

- പ്രധാന പാതകൾക്ക് സമീപം തണൽമരം വെച്ചുപിടിപ്പിക്കുക
- ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കാൻ വേണ്ട പ്രവർത്തനം നടത്തുക
- വൃദ്ധനായ പൗരനെ റോഡ് മുറിച്ചുകടക്കാൻ സഹായിക്കുക
- സക്ഷരത പ്രവർത്തനം നടത്തുക.

12. പൗരബോധരൂപീകരണത്തിനായി നിങ്ങളുടെ വിദ്യാലയത്തിന് ഏറ്റെടുത്ത് ചെയ്യാൻ പറ്റുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം?

- ഉത്തമ മാതൃകകളായവരെ സ്കൂളിലേക്ക് ക്ഷണിക്കുക, അവരെ ആദരിക്കുക
- മെഡിക്കൽ ക്യാമ്പ്
- രക്തദാനം
- SPC, NCC, Scout & Guides എന്നിവയിൽ പങ്കാളിയാകൽ
- ഗൃഹസന്ദർശനം
- സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്

## അധ്യായം 11

# സമൂഹശാസ്ത്രം : എന്ത് എന്തിന്?

1. സർഗ്ഗാത്മകതയും സാമൂഹ്യശാസ്ത്ര പഠനവും തമ്മിലുള്ള വ്യത്യാസമെന്ത്?

| **സർഗ്ഗാത്മകത** | **സാമൂഹ്യശാസ്ത്രപഠനം** |
| --- | --- |
| - ഭാവനാത്മകം | - ശാസ്ത്രീയത |
| - സർഗ്ഗാത്മകത | - കാര്യകാരണ ബന്ധം |
| - സൗന്ദര്യാത്മകത | - വസ്തുനിഷ്ഠത |
| - ആസ്വാദനം | |

2. സമൂഹ്യശാസ്ത്രം എന്നാൽ എന്ത്?

   മനുഷ്യനും സാമൂഹികമായ ചുറ്റുപാടും തമ്മിലുള്ള ബന്ധം സമഗ്രമായി പഠനവിധേയമാക്കുന്ന വിഷയമാണ് സമൂഹശാസ്ത്രം.

3. സമൂഹ്യശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിതെളിച്ച വിപ്ലവങ്ങൾ ഏതൊക്കെ?
   - ശാസ്ത്രവിപ്ലവം
   - ഫ്രഞ്ച് വിപ്ലവം
   - വ്യാവസായിക വിപ്ലവം

4. സമൂഹശാസ്ത്രത്തിന്റെ പിതാവ് ആരാണ്?

   അഗസ്ത് കോംതെ

5. പരിണാമ സിദ്ധാന്തത്തെ സമൂഹശാസ്ത്രവുമായി ബന്ധപ്പെടുത്തിയ ചിന്തകൻ ആര്?

   ഹെർബർട്ട് സ്പെൻസർ

6. സമൂഹശാസ്ത്രത്തിന്റെ വികാസത്തിന് പ്രധാന സംഭാവനകൾ നൽകിയവർ ആരൊക്കെ?
   - കാൾമാക്സ്
   - എമൈൽ ദുർഖിം
   - മാക്സ് വെബർ

7. ഇന്ത്യയിൽ സമൂഹശാസ്ത്രപഠനം ആദ്യമായി ആരംഭിച്ചത് ഏത് സർവ്വകലാശാലയിലാണ്?

   ബോംബെ

8. ഇന്ത്യയിൽ സമൂഹശാസ്ത്രപഠനത്തിന് പ്രധാന സംഭാവനകൾ നൽകിയവർ ആരൊക്കെ?

ജി.എസ്. ഘുര്യേ, എം.ആർ.ദേശായി, എസ്.സി. ദുബേ,
എം.എൻ. ശ്രീനിവാസ്, ഡി.പി. മുഖർജി

10. സമൂഹശാസ്ത്രപഠനത്തിന്റെ പ്രാധാന്യമെന്ത്?

- സമൂഹത്തെക്കുറിച്ചുള്ള ധാരണ രൂപീകരിക്കാൻ
- സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ
- സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ
- വ്യക്തിയും സാമൂഹിക സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചിയാൻ

11. സമൂഹശസ്ത്രം വിശകലന വിധേയമാക്കുന്ന പ്രധാന മേഖലകൾ ഏതെല്ലാം?

സാമൂഹിക മാറ്റങ്ങൾ, സാമൂഹിക സംഘങ്ങൾ,
സമുദായങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ

12. സമൂഹശാസ്ത്രത്തിന്റെ പഠനരീതികൾ ഏതൊക്കെ?

സോഷ്യൽ സർവ്വേ, അഭിമുഖം, നിരീക്ഷണം, കേസ് സ്റ്റഡി

**സർവ്വേരീതി**

- വലിയ വിഭാഗം ജനങ്ങളിൽ നിന്ന് വിവരം ശേഖരിക്കുവാൻ ഉപയോഗിക്കുന്നു.
- തിരഞ്ഞെടുത്ത നിശ്ചിത എണ്ണം ആളുകളിൽ നിന്ന് വിവരം ശേഖരിക്കുന്നു. (സാമ്പിൾ സർവ്വേ)
- ചോദ്യാവലികൾ ഉപയോഗിക്കുന്നു.

**അഭിമുഖം**

- വാമൊഴിയായി വിവരം ശേഖരിക്കുന്നു.
- ഗവേഷകനും പ്രതികർത്താവും തമ്മിലുള്ള സംഭാഷണമാണ് അഭിമുഖം
- വ്യക്തികളുടെ മനോഭാവം, കാഴ്ചപ്പാട്, വിശ്വാസം, ജീവിതചര്യ എന്നിവ അറിയാൻ സാധിക്കുന്നു.

13. അഭിമുഖത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

- ആവശ്യമായ വ്യക്തികളെ കണ്ടെത്തൽ
- ഉചിതമായ ചോദ്യങ്ങൾ തയ്യാറാക്കൽ
- ഫലവത്തായ ആശയവിനിമയം
- സമയക്രമീകരണം

14. അഭിമുഖവും ചോദ്യാവലിയും തമ്മിലുള്ള വ്യത്യാസമെന്ത്?

| **അഭിമുഖം** | **ചോദ്യാവലി** |
|---|---|
| - വിവരങ്ങൾ വാമൊഴിയായി ശേഖരിക്കുന്നു. | - വിവരങ്ങൾ രേഖപ്പെടുത്തുന്നു |
| - ഗവേഷകൻ വിവരങ്ങൾ രേഖപ്പെടുത്തുന്നു. | - പ്രതികർത്താക്കൾ വിവരങ്ങൾ രേഖപ്പെടുത്തുന്നു. |

15. നിരീക്ഷണരീതി എന്നാൽ എന്ത്? രണ്ട് തരത്തിലുള്ള നിരീക്ഷണരീതികൾ ഏതൊക്കെ?

കാണുകയും, കേൾക്കുകയും, അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതിയാണ് നിരീക്ഷണം.

- പങ്കാളിത്ത നിരീക്ഷണം
- പങ്കാളിത്തരഹിത നിരീക്ഷണം

| **പങ്കാളിത്ത നിരീക്ഷണം** | **പങ്കാളിത്തരഹിതനിരീക്ഷണം** |
|---|---|
| - സമൂഹശാസ്ത്രജ്ഞൻ പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് വിവരശേഖരണം നടത്തുന്നു. | - സംഘത്തിൽ താമസിക്കാതെ പുറത്ത് നിന്ന് നിരീക്ഷിക്കുന്നു. |
| - അവരുടെ ഭാഷ, സംസ്കാരം എന്നിവ പഠിക്കുന്നു. | - പ്രകടമല്ലാത്ത പെരുമാറ്റ രീതികൾ മനസ്സിലാക്കാൻ സാധിക്കില്ല |
| - അവരുടെ ദൈനംദിന ജീവിതത്തിൽ പങ്കാളിയാവുന്നു. | - സംഘം അറിയണമെന്നില്ല |

16. കേസ് സ്റ്റഡി എന്നാൽ എന്ത്?

- അപൂർവ്വവും വേറിട്ടതുമായ സാമൂഹിക പ്രതിഭാസങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറച്ചും ആഴത്തിൽ പഠിക്കാൻ
- സൂക്ഷ്മവും സമഗ്രവും
- പഠനവിധേയമാകുന്ന വിഷയം 'കേസ്' എന്നുപറയുന്നു.
- കേസിനെക്കുറിച്ചുള്ള പഠനമാണ് കേസ് സ്റ്റഡി

17. ആധുനികകാലത്ത് ഏതെല്ലാം മേഖലകളിലാണ് സമൂഹശാസ്ത്രത്തിന് പ്രയോഗസാധ്യതകൾ ഉള്ളത്?

വാണിജ്യം, നഗരാസൂത്രണം, സാമൂഹികക്ഷേമം, പരസ്യം, വാർത്താവിനിമയം, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

●●●